**പതിനാലാം കേരള നിയമസഭ**

**പത്താം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2901** **13.03.2018- ൽ മറുപടിയ്ക്ക്**

## കീടനാശിനി പ്രയോഗം

| ചോദ്യം<br>ശ്രീ. കെ.ബാബു. | ഉത്തരം<br>ശ്രീ. വി.എസ്. സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
|---|---|
| (എ) പച്ചക്കറികളിലും മറ്റും അമിതമായി ഉപയോഗിക്കുന്ന കീടനാശിനി പ്രയോഗം കുറയ്ക്കുന്നതിന് എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത് എന്ന് വിശദമാക്കുമോ; | (എ) പച്ചക്കറികളിലും മറ്റും അമിതമായി ഉപയോഗിക്കുന്ന കീടനാശിനി പ്രയോഗം കുറയ്ക്കുന്നതിനായി 2014-മുതൽ " സേഫ് റ്റു ഈറ്റ്" എന്ന പ്രത്യേക ഘടകം ഉൾപ്പെടുത്തി വെള്ളായണി കാർഷിക കോളേജിലെ കീടനാശിനി അവശിഷ്ട പരിശോധന ലാബിൽ പച്ചക്കറി മാർക്കറ്റുകൾ, ഇക്കോ ഷോപ്പുകൾ, കൃഷിയിടങ്ങൾ എന്നിവിടങ്ങളിൽ നിന്നും സാമ്പിളുകൾ ശേഖരിച്ച് കീടനാശിനി അവശിഷ്ട വിഷാംശ പരിശോധന ഫലം പരസ്യപ്പെടുത്തുന്നുണ്ട്. കേരള സർക്കാരിന്റെ ഔദ്യോഗിക വെബ് പോർട്ടൽ www.kerala.gov.in ലും, കേരള കാർഷിക സർവ്വകലാശാലയുടേയും കൃഷി വകുപ്പിന്റെ വെബ്സൈറ്റുകളിലും പരിശോധന ഫലം പരസ്യപ്പെടുത്തുന്നുണ്ട്. ഇപ്രകാരം ജനങ്ങളിൽ ഈ വിഷയം സംബന്ധിച്ച അവബോധം സൃഷ്ടിക്കുന്നതോടൊപ്പം നിയന്ത്രണവും ഒരു പരിധി വരെ സാധ്യമാകുന്നുണ്ട്. മൂന്നു മാസത്തിൽ ഒരിക്കൽ ഇപ്രകാരം പരിശോധന ഫലം പ്രസിദ്ധീകരിക്കുന്നുണ്ട്.<br><br>ജൈവ കൃഷി മേഖലയിൽ ജൈവ കീടനാശിനികൾ ജൈവ വളങ്ങൾ എന്നിവ ലഭ്യമാക്കുന്നതിനും കൃഷി വ്യാപനവും വിപണനവും ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും ജൈവ കൃഷിയ്ക്കും ഉത്തമ കാർഷിക മുറകളും പദ്ധതി പ്രകാരം കർഷകരുടെ കൃഷിയിടങ്ങളിൽ തന്നെ ജൈവ വളനിർമ്മാണ യൂണിറ്റുകൾ നിർമ്മിക്കുന്നതിന് |

സാങ്കേതിക സഹായങ്ങൾ നൽകിയിട്ടുണ്ട്. ഇപ്രകാരം 1622 റൂറൽ കംമ്പോസ്റ്റ് യൂണീറ്റുകൾ 5000/- രൂപ സബ്സിഡി നിരക്കിലും 1352 മണ്ണിര കംമ്പോസ്റ്റ് യൂണീറ്റുകൾ 7500/-രൂപ സബ്സിഡി നിരക്കിലും സ്ഥാപിച്ചിട്ടുണ്ട്.

വിള ആരോഗ്യ പരിപാലന പദ്ധതി ക്രോപ്പ് ഹെൽത്ത് മാനേജ്മെന്റ് സ്കീം പ്രകാരം സംസ്ഥാനത്തെ തിരഞ്ഞെടുക്കപ്പെട്ട കൃഷി ഭവനുകളിൽ ജൈവ വളങ്ങൾ, ജൈവ കീടനാശിനികൾ മറ്റു ജൈവ നിയന്ത്രണോപാധികൾ എന്നിവ ഉൽപ്പാദിപ്പിക്കുന്നതിന് ഹൈദ്രാബാദിലെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ പ്ലാന്റ് ഹെൽത്ത് മാനേജ്മെന്റിൽ നിന്നു പരിശീലനം സിദ്ധിച്ച കൃഷി ഓഫീസർമാർ / കൃഷി അസിസ്റ്റന്റ് ഡയറക്ടർമാർ വഴി പ്രോജക്റ്റുകൾ നടപ്പിലാക്കി വരുന്നു. ഇതിനുപുറമേ സംസ്ഥാന കൃഷി വകുപ്പിന്റെ കീഴിലുള്ള സ്റ്റേറ്റ് ബയോ കൺട്രോൾ ലാബ്, മണ്ണുത്തി ബയോ കൺട്രോൾ ലാബ്, തിരുവനന്തപുരം എന്നിവ വഴിയും ഇത്തര ത്തിലുള്ള ഇടപെടലുകൾ നടത്തി വരുന്നു.

സംസ്ഥാനത്ത് കൃഷി ചെയ്യുന്ന വിളകളിൽ അമിത കീടനാശിനി പ്രയോഗം കുറയ്ക്കുന്നതിന് സുരക്ഷിത ഭക്ഷ്യ ഉല്പാദനം ഉറപ്പാക്കുന്നതിനുമായി താഴെപറയുന്ന പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നു.

1. അമിത കീടനാശിനി പ്രയോഗത്തിന്റെ ദൂഷ്യഫലങ്ങൾ സംബന്ധിച്ചും വിഷലിപ്തമല്ലാത്ത ഭക്ഷ്യ വിളകളുടെ ഉല്പാദനം സംബന്ധിച്ചും കർഷകരിൽ അവബോധം സൃഷ്ടിക്കുന്നതിനായി പരിശീലനങ്ങൾ, ശില്പശാലകൾ, സെമിനാറുകൾ, ബോധവൽക്കരണ ക്ലാസ്സുകൾ എന്നിവ നടപ്പാക്കി വരുന്നു.
2. നിയന്ത്രിത കീടനാശിനികൾ കൃഷി ഓഫീസറുടെ കുറിപ്പടിയോടുകൂടി മാത്രമേ നൽകാവൂ എന്ന് ഡീലർമാർക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ കീടനാശിനി ഉൽപ്പാദകനും വിതരണക്കാരനും കർഷകർക്ക്

നേരിട്ട് കീടനാശിനികൾ വിൽപ്പന നടത്തുന്നത് നിരോധിച്ചിട്ടുണ്ട്.

3. രാസകീടനാശിനികളുടെ ഉപയോഗം പരമാവധി കുറച്ചും ജൈവീക നിയന്ത്രണ മാർഗ്ഗങ്ങളും സംയോജിത കീടരോഗ നിയന്ത്രണ മാർഗ്ഗങ്ങളും അവലംബിക്കുന്നിന് ആവശ്യമായ നിർദ്ദേശങ്ങൾ കർഷകർക്ക് നൽകുന്നതിനുമായി 202 പഞ്ചായത്തുകളിൽ പ്ലാന്റ് ഹെൽത്ത് ക്ലിനിക്കുകളുടെ 4 ജില്ലാ തല റഫറൽ ക്ലിനിക്കുകളും ആരംഭിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ